LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

214 (2494) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി.ബി. അബ്ദുൾ റസാക് :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ പുതുക്കുന്നതിൽ വീഴ്ചവന്നവർക്ക് സീനിയോറിറ്റി നിലനിർത്തി പുതുക്കി നൽകാൻ അവസരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) രജിസ്റ്റർ ചെയ്തവരിൽ സ്ഥിരം തൊഴിൽ ലഭിച്ചവരെ കണ്ടെത്തി, ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിലും നൈപുണ്യവും കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ "എംപ്ലോയബിലിറ്റി സെന്റർ" പദ്ധതിക്ക് 2012-13 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഈ സാമ്പത്തികവർഷം തന്നെ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ സ്കിൽ ഗ്യാപ്, അഭിരുചി എന്നിവ വിവിധ അസ്സസ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ആശയവിനിമയശേഷി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു.

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും പങ്കെടുപ്പിച്ചുകൊണ്ട് മെഗാജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് വകുപ്പിനുകീഴിലുള്ള 84 എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർ വൽക്കരിക്കുകയും കേരള NIC വികസിപ്പിച്ച തൊഴിൽ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഈ ഓഫീസുകളുടെ ഡാറ്റാ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുവേണ്ടി കേരള NIC-യുമായി സഹകരിച്ച് ഒരു ഓൺലൈൻ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനായി കരാറിൽ ഒപ്പ് വയ്ക്കുകയും ആയതിന്റെ ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം ലഭിക്കുകയാണെങ്കിൽ ടി വിവരം അവരുടെ രജിസ്ട്രേഷൻ റെക്കോർഡിൽ രേഖപ്പെടുത്തി പ്രത്യേകമായി സൂക്ഷിക്കാറുണ്ട്. നിയമനവിവരം ലഭ്യമാക്കാത്ത കേസ്സുകളിൽ ഉദ്യോഗദായകന് കത്തുനൽകി നിയമനവിവരം ലഭ്യമാക്കി നടപടി സ്വീകരിക്കാറുണ്ട്.

നൈപുണ്യ വികസന അക്കാഡമികൾ

215 (2495) ശ്രീ. വർക്കല കഹാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാഡമികൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly